# കേരളസർവകലാശാല

നം.പി.ആർ.65(a)/2023

## പത്രക്കുറിപ്പ്

### ഡോ.എസ്.നസീബിന്റെ രണ്ടു പുസ്തകങ്ങളുടെ പ്രകാശനം.........

കേരളസർവകലാശാല സിൻഡിക്കേറ്റ് അംഗവും കേരളപഠനവിഭാഗം അദ്ധ്യാപകനുമായ ഡോ.എസ്.നസീബ് എഴുതിയ 'വേരുറപ്പുകൾ', 'യാഥാർത്ഥ്യം ഒരു ബഹുമുഖ ഇടമാണ്'' എന്നീ രണ്ടു പുസ്തകങ്ങൾ നാളെ (28.03.2023) ചൊവ്വാഴ്ച രാവിലെ 11 മണിക്ക് കാര്യവട്ടം ക്യാമ്പസിലെ ക്ലിഫ് സമുച്ചയത്തിലുള്ള സി.വി.രാമൻ ഹാളിൽ വച്ച് മുൻ വിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ.എം.എ.ബേബി പ്രകാശിപ്പിക്കും. മുൻ എം.പി. ഡോ.പി.കെ.ബിജുവും കേരളസർവകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വ.കെ.എച്ച്.ബാബുജാനും ആണ് പുസ്തകങ്ങൾ ഏറ്റുവാങ്ങുന്നത്. മുൻ പ്രൊ-വൈസ് ചാൻസലർ പ്രൊഫ.(ഡോ.)പി. പി. അജയകുമാർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രമുഖ സാഹിത്യനിരൂപകൻ ഡോ.പി.കെ.രാജശേഖരൻ ആമുഖപ്രഭാഷണം നടത്തും. സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ.ബി.പി.മുരളി, പ്രൊഫ.(ഡോ.)കെ.ജി.ഗോപ്ചന്ദ്രൻ, രജിസ്ട്രാർ പ്രൊഫ.(ഡോ.)കെ.എസ്.അനിൽകുമാർ, കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ഡോ.ജെ.രാജൻ, ഓറിയന്റൽ ഫാക്കൽറ്റി ഡീൻ പ്രൊഫ.എ.എം.ഉണ്ണിക്കൃഷ്ണൻ, കേരളപഠനം മേധാവി പ്രൊഫ.സി.ആർ.പ്രസാദ്, മലയാളവിഭാഗം മേധാവി പ്രൊഫ.സീമ ജെറോം, കഥാകൃത്ത് സി.അനൂപ്, മുൻ സിൻഡിക്കേറ്റ് അംഗം പ്രൊഫ. പി.എം.രാധാമണി, ഫിസിക്സ് വിഭാഗം മേധാവി പ്രൊഫ.വി.ബിജു, റിസർച്ചേഴ്സ് യൂണിയൻ ചെയർമാൻ പി.എം.നവീൻ, പുസ്തകപ്രസാധകരായ ഗ്രീൻ പേപ്പർ പബ്ലിക്കയുടെ ബിനു ആനമങ്ങാട്, ഡോ.എസ്.നസീബ് എന്നിവർ പങ്കെടുക്കും.

**തിരുവനന്തപുരം,**
**27.03.2023.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website:** **www.keralauniversity.ac.in**

**For more details: 9497447713**